**"ഭരണഭാഷ – മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: ചന്ദ്രശേഖർ എസ് ,ഐഎഎസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം– – പ്രിൻസിപ്പാൾ ക്ലാസ്സ്–2/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ/ട്രേഡ് ടെസ്റ്റ് ഓഫീസർ തസ്തികകളിലെ നിലവിലെ ഒഴിവുകളിൽ സ്ഥാനക്കയറ്റം – അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:– 1.23.04.2020–ലെ ഗസറ്റ് നം 1078 വാല്യം 9 ആയി പ്രസിദ്ധികരിച്ച സെലക്ട് ലിസ്റ്റ് .

3. 21.08.2020–ലെ സ.ഉ.(സാധാ) നം. 825/2020/തൊഴിൽ നമ്പർ നിയമന ഉത്തരവ്.

**ഉത്തരവ് നമ്പർ: DT/2017/2020–A6, തീയതി: 08/09/2020**

രണ്ടാം പരാമർശ ഉത്തരവ് പ്രകാരം ഐടിഐ വെള്ളമുണ്ട, ഐടിഐ പന്ന്യന്നൂർ എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾ ക്ലാസ് –2 തസ്തികയിലെ ജീവനക്കാർക്ക് പ്രിൻസിപ്പാൾ–1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെ പ്രിൻസിപ്പാൾ ക്ലാസ്–2 തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

2020 വർഷം വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ വരുന്ന പ്രിൻസിപ്പാൾ ക്ലാസ്സ്–2/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ/ട്രേഡ് ടെസ്റ്റ് ഓഫീസർ തസ്തികകളിൽ നിയമനത്തിനു യോഗ്യരായ ഗ്രൂപ്പ് ഇൻസ്ട്രക്ടർ / ടെക്ക്നിക്കൽ അസ്സിസ്റ്റൻറ്/ ജൂനിയർ അപ്രൻറിസ്ഷിപ്പ് അഡ്വൈസർ (ടെക്ക്നിക്കൽ) തസ്തികകളിലെ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് സൂചന പരാമർശപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റിലെ ഒന്നു മുതൽ ഇരുപത്തിയെട്ട് വരെയുള്ള ജീവനക്കാരിൽ 31.05.2020–ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ കെ ജെ ജോസ് ഒഴികെയുള്ള ജീവനക്കർക്ക് പ്രിൻസിപ്പാൾ ക്ലാസ്സ് –2/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ/ട്രേഡ് ടെസ്റ്റ് ഓഫീസർ തസ്തികകളീൽ സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. ടി സാഹചര്യത്തിൽ മേൽപറഞ്ഞ ഒഴിവുകളിലേക്ക് ടി സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 29. ശ്രീ എ ഷാജഹാൻ , ഗ്രൂപ്പ് ഇൻസ്ട്രക്ടർ , ഐടിഐ കൊല്ലം, ക്രമ നമ്പർ 30 ശ്രീ ജയകൃഷ്ണൻ ആർ , ഗ്രൂപ്പ് ഇൻസ്ട്രക്ടർ , ഐടിഐ മലമ്പുഴ എന്നിവർക്കാണ് സ്ഥാനക്കയറ്റത്തിനു അർഹതയുള്ളത്.

ടി സാഹചര്യത്തിൽ പരാമർശപ്രകാരം പ്രസിദ്ധീകരിച്ചിരുന്ന സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 29. ശ്രീ എ ഷാജഹാൻ , ഗ്രൂപ്പ് ഇൻസ്ട്രക്ടർ , ഐടിഐ കൊല്ലം, ക്രമ നമ്പർ 30 ശ്രീ ജയകൃഷ്ണൻ ആർ , ഗ്രൂപ്പ് ഇൻസ്ട്രക്ടർ , ഐടിഐ മലമ്പുഴ എന്നീ ജീവനക്കാർക്ക് 30.05.1966–ലെ GO(P) No.214/66/PRD ആയി പ്രസിദ്ധീകരിച്ച കേരളാ ക്രാഫ്റ്റ്മെൻ ട്രെയിനിംഗ് സർവീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം–രണ്ടിനു 04.05.1979–ലെ GO(P) No.31/79/L&H പ്രകാരമുള്ള ഭേദഗതി, കേരളാ സ്റ്റേറ്റ് & സബോഡിനേറ്റ് റൂൾസ് 1958, പാർട്ട് ചട്ടം 28(ബി) (1) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ടി തസ്തികയിൽ നിന്നും പ്രിൻസിപ്പാൾ ക്ലാസ്സ്–2/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ/ട്രേഡ്

ടെസ്റ്റ് ഓഫീസർ തസ്തികയിലേക്ക് 42500-87000 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമനം നൽകി ഉത്തരവാകുന്നു

| ക്രമ നം | സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ | ഉദ്യോഗസ്ഥൻറെ പേരും നിലവിൽ സേവനത്തിലുള്ള സ്ഥാപനവും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | 29 | എ ഷാജഹാൻ<br>ഗ്രൂപ്പ് ഇൻസ്ട്രക്ടർ<br>ഐടിഐ കൊല്ലം | ഐടിഐ പന്ന്യന്നൂർ |
| 2 | 130 | ജയകൃഷ്ണൻ ആർ<br>ഗ്രൂപ്പ് ഇൻസ്ട്രക്ടർ<br>ഐടിഐ മലമ്പുഴ | ഐടിഐ വെള്ളമുണ്ട |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഉടൻ നിലവിലെ തസ്തികയിൽനിന്നും വിട്ടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. ടിയാൾക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള യാത്രപ്പടിക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :-

1. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ (സ്ഥാപന മേധാവികൾ മുഖേനെ)
2. എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും
3. അക്കൗണ്ടൻറ് ജെനറൽ (എ&ഇ) തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പകർപ്പ് :-

1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ജോയിൻറ് ഡയറക്ടർ എന്നിവരുടെ സി എ മാർ
2. ജോയിൻറ് ഡയറക്ടർ ,മേഖലാ കേന്ദ്രം കണ്ണൂർ
3. ആസ്ഥാന കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ജീവനക്കാർ
4. ആസ്ഥാന കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ , അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റൻറ് , ട്രേഡ് ടെസ്റ്റ് ഓഫീസർ ,സീനിയർ സൂപ്രണ്ട് , ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ
5. സ്റ്റോക്ക് ഫയൽ (എ 6)

**//ഉത്തരവിൻ പ്രകാരം//**

സീനിയർ സൂപ്രണ്ട്